സംസ്ഥാന കൺസ്യൂമർ ഫെഡറേഷന്റെ പുതിയ പദ്ധതി

25 (*505) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡറേഷൻ സംസ്ഥാനത്ത് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാന കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ കൂടുതൽ പേർക്ക് പാചക വാതക കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇതിനായി പുതിയ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) എങ്കിൽ പുതിയ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) അടുത്ത സാമ്പത്തിക വർഷം സംസ്ഥാനത്തിന് എത്ര ലക്ഷം പുതിയ ഉപഭോക്താക്കൾക്ക് ഗ്യാസ് കണക്ഷൻ നൽകാനാണ് കൺസ്യൂമർ ഫെഡറേഷൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇപ്പോൾ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ എത്ര ലക്ഷം ഉപഭോക്താക്കൾക്ക് പാചകവാതക കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്തെ കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പാചകവാതക വിതരണം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്. പാചക വാതകം വിതരണം ചെയ്യുന്നതിന് ഒരു പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ നീതി സ്റ്റോറുകൾ വഴിയും ത്രിവേണി സൂപ്പർ മാർക്കറ്റുകൾ വഴിയും സംസ്ഥാനത്ത് പുതുതായി ഒരു ലക്ഷം പേർക്കു കൂടി പാചക വാതക കണക്ഷൻ നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) പുതിയ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കണ്ണൂർ ജില്ലയിൽ പയ്യന്നൂരിനടുത്ത് കാങ്കോൽ വില്ലേജിൽ മാത്തിൻ എന്ന സ്ഥലത്ത് ഉദ്ദേശം ആറേക്കർ സ്ഥലം വാങ്ങുന്നതിന് കരാറിൽ ഏർപ്പെടുകയും എൽ.പി.ജി. ബോട്ടിലിന് പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സൈറ്റ് അപ്രൂവൽ നാഗ്പൂരിലുള്ള ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിൽ നിന്നും സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസ് നിലവിലുള്ള ഒരു ബോട്ടിലിംഗ് പ്ലാന്റ് വിലയ്ക്ക് വാങ്ങുന്നതിന് നടപടിയും സ്വീകരിച്ചു വരുന്നു.

(ഇ) അടുത്ത സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം പേർക്ക് പാചകവാതക കണക്ഷൻ നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(എഫ്) കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 41597 പേർക്ക് പാചകവാതക കണക്ഷൻ ഇതിനകം നൽകിയിട്ടുണ്ട്.

(ജി) കൺസ്യൂമർ ഫെഡറേഷന്റെ ഇപ്പോഴത്തെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതോടൊപ്പം പുതിയ മേഖലകളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. 25 സൂപ്പർ മാർക്കറ്റുകൾ കൂടി തുടങ്ങുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതുപോലെ തന്നെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഫെഡറേഷൻ നേരിട്ട് 25 നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ബിൽഡിംഗ് മെറ്റീരിയൽസ്, ഗൃഹോപകരണങ്ങൾ തുടങ്ങിയവയുടെ വിപണനം എന്നീ മേഖലകളിൽ കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് ഫെഡറേഷൻ നടപടി സ്വീകരിച്ചു വരുന്നു. എൽ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം ഫെഡറേഷന്റെ ഗോഡൗണുകളും ഇതര സ്ഥാപനങ്ങളും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും തൃശ്ശൂർ ജില്ലയിൽ കുന്നംകുളത്ത് നോട്ട് ബുക്ക് നിർമ്മാണത്തിനും വിപണനത്തിനും വേണ്ടി ഒരു ഗോഡൗൺ കം സെയിൽസ് യൂണിറ്റ് സ്ഥാപിക്കുന്നതിനും ഫെഡറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന പാചകവാതക വിതരണത്തിൽ ഇപ്പോഴുള്ള അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പാചക വാതക വിതരണത്തിന് ഫെഡറേഷൻ കരാർ നൽകിയിട്ടുള്ള ശ്രീശക്തി എൽ.പി.ജി. ഹൈദ്രാബാദ്, കോൾഡി പെട്രോളിയം പാലക്കാട് എന്നീ രണ്ട് കമ്പനികളുമായി ഫെഡറേഷൻ ചർച്ചകൾ നടത്തുകയും ഇപ്പോൾ പെന്റിംഗിലുള്ള മുഴുവൻ റീഫില്ലും അടിയന്തിരമായിത്തന്നെ സപ്ലൈ ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഫെഡറേഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly